II ഇ.ബി. XIV - കേരള നിയമസഭ/XVI-2

**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2019 ഒക്ടോബർ 29, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

4 (*31&*35) ട്രാൻസ്ഗ്രിഡ് പദ്ധതി

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പ്രസരണ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയാണ് ട്രാൻസ്ഗ്രിഡ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നതെന്നും വിവിധ ഘട്ടങ്ങളിലായി നടപ്പാക്കുന്ന പദ്ധതിക്ക് 1000 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നതെന്നും പദ്ധതിയുടെ ഭാഗമായ കോലത്തുനാട് ലൈൻ പാക്കേജിന്റെ ടെണ്ടറിൽ പങ്കെടുത്ത മൂന്ന് കമ്പനികളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്റ്റെർലൈറ്റ് പവ്വർ ട്രാൻസ്മിഷൻ ലിമിറ്റഡ്

എന്ന കമ്പനിക്കാണ് കരാർ നൽകിയിട്ടുള്ളതെന്നും വൈദ്യുതി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ നടത്തിയ വിശദ പഠനങ്ങൾക്കുശേഷമാണ് പ്രസ്തുത കമ്പനിയെ കരാർ ഏൽപ്പിച്ചതെന്നും സഭയെ അറിയിച്ചു. പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതോടുകൂടി സംസ്ഥാനത്തിന്റെ ഇറക്കുമതിശേഷി വർദ്ധിക്കുകയും പ്രസരണ നഷ്ടത്തിൽ കുറവുണ്ടാകുന്നതുമൂലം പ്രതിവർഷം ശരാശരി 522 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാനുമാകും. നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്ത തിരുനെൽവേലി-മാടക്കത്തറ 400 കെ.വി. പ്രസരണ ഇടനാഴിയുടെയും നിർമ്മാണം പുരോഗമിക്കുന്ന പുഗലൂർ-മാടക്കത്തറ HVDC ലൈനിന്റെയും പൂർണ്ണമായ പ്രയോജനം ലഭ്യമാക്കുന്നതിന് ട്രാൻസ്ഗ്രിഡ് പദ്ധതികളുടെ വേഗത്തിലുള്ള പൂർത്തീകരണം അനിവാര്യമാണ്. കിഫ്ബിയിൽനിന്നും കേന്ദ്രാവിഷ്കൃത പദ്ധതിയായ PSDF-ൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്ന ആദ്യ രണ്ട് ഘട്ടങ്ങളുടെ പ്രവൃത്തികൾ യഥാക്രമം 2021, 2024 വർഷത്തോടെ പൂർത്തിയാക്കുന്നതാണ്. കെ.എസ്.ഇ.ബി. നടപ്പിലാക്കുന്ന പദ്ധതികളെല്ലാംതന്നെ കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ പരിശോധനയ്ക്ക് വിധേയമാണെന്നും പത്ത് ശതമാനത്തിലധികം ടെണ്ടർ എക്സസ് വന്നാൽ റീ-ടെണ്ടർ ചെയ്യണമെന്ന ഉത്തരവ് വൈദ്യുതി വകുപ്പിന്

ബാധകമല്ലെന്നും മന്ത്രി അറിയിച്ചു. ജലവൈദ്യുതി രംഗത്തെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നുണ്ടെന്നും സൗരോർജ്ജ പദ്ധതിയിൽക്കൂടി 1000 മെഗാവാട്ട് വൈദ്യുതോൽപ്പാദനം ലക്ഷ്യമിടുന്നുണ്ടെന്നും സർക്കാരിന്റെ തുടർപ്രവർത്തനങ്ങളുടെ ഫലമായി കൂടംകുളം പദ്ധതി പൂർത്തിയാക്കാൻ സാധിച്ചുവെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. 2000 KV ഡയറക്ട് കറണ്ട് സംസ്ഥാനത്തേയ്ക്ക് എത്തിക്കുന്നതിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ അസാധ്യമായതിനാൽ 200 KV ലൈനിന്റെ മുകളിൽക്കൂടി 400 KV ലൈൻ വലിക്കുക മാത്രമാണ് പോംവഴിയെന്നും ഇതിനായി 400 കോടി രൂപ കേന്ദ്രസർക്കാരിൽനിന്നും ഗ്രാന്റായി ലഭിക്കുകയുണ്ടായെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ധനകാര്യവും കയറും വകുപ്പുമന്ത്രി സഭയെ അറിയിച്ചു.

5 (*32) വിനോദസഞ്ചാര മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, വിനോദസഞ്ചാര മേഖലയിൽ സ്ത്രീശാക്തീകരണം, സാധാരണക്കാരായ സ്ത്രീകൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഉത്തരവാദിത്ത ടൂറിസം (ആർ.ടി.) മിഷന് രൂപംകൊടുത്തിരിക്കുന്നതെന്നും 14 ജില്ലകളിലായി

രജിസ്റ്റർ ചെയ്തിരിക്കുന്ന 16345 യൂണിറ്റുകളിൽ 13567 എണ്ണവും സ്ത്രീകളുടെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ളതാണെന്നും വിവിധ പ്രവർത്തനങ്ങളിലൂടെ 11 കോടി രൂപ വരുമാനമുണ്ടാക്കാൻ വനിതാ ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടുണ്ടെന്നും സഭയെ അറിയിച്ചു. നാടൻ കലാപ്രവർത്തകർക്ക് പരിശീലനം നൽകി ആർ.ടി. മിഷൻ മുഖേന ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി അധിക വരുമാനം ലഭ്യമാക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സംസ്ഥാനത്തിന്റെ തനത് വിഭവങ്ങൾ വിനോദസഞ്ചാരികൾക്ക് ലഭ്യമാക്കുന്നതിനായി എക്സ്പീരിയൻസ് എത്നിക് കുസിൻ, നാട്ടിൻപുറങ്ങളിൽ ഓണം ഉണ്ണാം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള "ബാരിയർ ഫ്രീ ടൂറിസം പദ്ധതി"യും ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള "ഗ്രീൻ കാർപ്പറ്റ്" പദ്ധതിയിലെ വിവിധ ഘടകങ്ങളും നടപ്പിലാക്കിവരുന്നുണ്ട്. തിരുവനന്തപുരത്തിന്റെ പൈതൃക സ്മാരകങ്ങൾ സംരക്ഷിക്കുന്ന പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നുണ്ടെന്നും വയനാട് ജില്ലയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് തലശ്ശേരി പൈതൃക പദ്ധതി ആവിഷ്കരിച്ചിരിക്കുന്നതെന്നും പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി

വയനാടിന്റെ ടൂറിസം സാധ്യതകൾ ശക്തിപ്പെടുത്താൻ സാധിക്കുമെന്നും കായൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും ടൂറിസം രംഗത്ത് ഗൈഡുകളെ പരിശീലിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 410 മുതൽ 790 വരെയുള്ള ചോദ്യങ്ങളിൽ 100 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)